**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3188 07.11.2019 ൽ മറുപടിയ്ക്ക്**

**പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനിൽ അക്കര | മറുപടി<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് കൈമാറിയ ഭൂമി രാജക്കാട് സഹകരണ ബാങ്കിന് ഹൈഡൽ ടൂറിസം പദ്ധതിക്കായി കൈമാറിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഒരു പ്രത്യേക ആവശ്യത്തിനായി വൈദ്യുതി ബോർഡിന് കൈമാറിയ റവന്യൂ തരിശുഭൂമി, ബോർഡ് മറിച്ച് മറ്റൊരു സ്ഥാപനത്തിന് പാട്ടത്തിന് നൽകുന്നത് നിയമവിധേയമാണോ; | (ബി) നിയമവിധേയമല്ല |
| (സി) ഇതു സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (സി) ഉണ്ട്. പ്രസ്തുത ഭൂമി ഉടുമ്പൻചോല താലൂക്കിൽ രാജാക്കാട് വില്ലേജിൽ പഴയ സർവ്വേ നമ്പർ 180, 187, 700, 708, 94 Part, 95 Part, 96, 97, 99, 100 Part, 103 Part, 104-1, 104-3, 256 part, 257, 258, 259, 260, 265, 587 part, 588, 589/1-2, 590 part, 591 part, 592 part, 209, 253 (റിസർവ്വെ നം. 351, 352) ഉൾപ്പെട്ടുവരുന്ന സർക്കാർ പുറമ്പോക്കാണ്. |
| (ഡി) പതിച്ച് നൽകിയ ഭൂമി ഉപയോഗിച്ചില്ലെങ്കിൽ തിരിച്ച് വകുപ്പിന് നൽകണമെന്ന വ്യവസ്ഥക്ക് വിരുദ്ധമായ ഈ നടപടിയിൽ റവന്യൂ വകുപ്പിന്റെ ഭാഗത്ത് നിന്നും ഇതിനകം എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (ഡി) ഇടുക്കി ജില്ലാ കളക്ടറുടെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ